# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2413

08.05.2017 -ൽ മറുപടിയ്ക്ക്

## ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർവ്വകലാശാലകളിലെ ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്; | (എ) സർവ്വകലാശാലകളിലെ ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് യു.ജി.സി സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകൾ ആയതു നടപ്പിലാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| സർവ്വകലാശാല | സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|
| കേരള | ഉണ്ട് | |
| എം.ജി | ഉണ്ട് | യു.ജി.സിയുടെ ഈ നിർദ്ദേശം നടപ്പിലാക്കുമ്പോൾ നിലവിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ നേരിടാതിരിക്കാൻ 2012 അധ്യയന വർഷം മുതൽ ഗവേഷണ രജിസ്ട്രേഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ സൂപ്പർവൈസർ റിട്ടയേഡ് ഫാക്കൽറ്റി ആണെങ്കിൽ രജിസ്ട്രേഷൻ തുടങ്ങി 5 വർഷത്തേക്ക് പ്രസ്തുത സൂപ്പർവൈസറുടെ കീഴിൽ ഗവേഷണം പൂർത്തിയാക്കാൻ സർവ്വകലാശാല അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ 2012 അധ്യയന വർഷത്തിന് മുൻപ് ഗവേഷണ രജിസ്ട്രേഷൻ നേടിയ വിദ്യാർത്ഥികൾക്ക് 31.07.2018 വരെ ഗവേഷണം നടത്തി പൂർത്തിയാക്കാൻ സർവ്വകലാശാല അനുവാദം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| കൊച്ചി ശാസ്ത്രസാങ്കേതിക | ഇല്ല | കൊച്ചി സർവ്വകലാശാലയുടെ നിലവിലുള്ള Ph.D നിയമാവലി പ്രകാരം വിരമിച്ച അദ്ധ്യാപകർക്ക് തങ്ങൾ നിലവിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഗവേഷണമേൽനോട്ടം തുടർന്നു പോകാവുന്നതും, അതത് വകുപ്പുകളിലെ വകുപ്പ് ഗവേഷണ കമ്മിറ്റിയുടെ ശുപാർശകളോടെ സർവ്വകലാശാല അംഗീകാരത്തിന് വിധേയമായി പുതിയ ഗവേഷകരുടെ മേൽനോട്ടം നിർവ്വഹിക്കാവുന്നതുമാണ്. |
| ശ്രീശങ്കരചാര്യ സംസ്കൃതം | ഉണ്ട് | വിരമിച്ച അദ്ധ്യാപകർ അവർ റഗുലർ ആയിരുന്നപ്പോൾ അനുവദിച്ചഗവേഷകരെ അവരുടെ ഗവേഷണ കാലാവധി കഴിയുന്നതുവരെ തുടരാൻ അനുവദിക്കുന്നുണ്ട്. |
| തുഞ്ചത്തെഴുത്തച്ഛൻ മലയാളം | ഉണ്ട് | |
| കാലിക്കറ്റ് | ഉണ്ട് | |
| കണ്ണൂർ | ഉണ്ട് | |

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏത് രീതിയിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിഷയങ്ങൾ സർവ്വകലാശാലകൾ ചൂണ്ടിക്കാണിക്കുന്നു.

I) കഴിവും പരിചയസമ്പത്തുമുള്ള ഗവേഷണഗൈഡുകളുടെ ദൗർലഭ്യം ഗവേഷണ നിലവാരത്തെയും അവസരങ്ങളെയും പ്രതികൂലമായി ബാധിച്ചേക്കാം.

II) ആവശ്യത്തിന് മാർഗ്ഗദർശികളെ ലഭിക്കാത്തതിനാൽ ഗവേഷണം മുടങ്ങുന്ന സാഹചര്യം

III) ഗവേഷണമേൽനോട്ടത്തിനുള്ള സമയവും സൗകര്യവും കൂടുതൽ ലഭ്യമാകുക വിരമിച്ച അദ്ധ്യാപകർക്കാണ്.

(സി) പ്രസ്തുത യു.ജി.സി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ സർവ്വകലാശാലകളോ സർക്കാരോ യു.ജി.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) പ്രസ്തുത യു.ജി.സി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ സർക്കാർ യു.ജി.സിയെ അറിയിച്ചിട്ടില്ല. സർവ്വകലാശാലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർവ്വകലാശാല | ബുദ്ധിമുട്ടുകൾ യു.ജി.സി.യെ അറിയിച്ചിട്ടുണ്ടോ | വിശദാംശം |
|---|---|---|
| കേരള | ഉണ്ട് | പ്രസ്തുത യു.ജി.സി. നിർദ്ദേശം വൈകി നടപ്പിലാക്കിയതിൽ ഗവേഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർവ്വകലാശാല കൈക്കൊണ്ട നടപടികൾക്ക് യു.ജി.സിയുടെ അംഗീകാരത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| എം.ജി | ഇല്ല | - |
| കൊച്ചി ശാസ്ത്രസാങ്കേതിക | ഇല്ല | - |
| ശ്രീശങ്കരചാര്യ സംസ്കൃതം | ഇല്ല | - |
| തുഞ്ചത്തെഴുത്തച്ഛൻ മലയാളം | ഉണ്ട് | മലയാള സർവ്വകാലാശാല ഗവേഷണ കൗൺസിലിന്റെ നിർദ്ദേശാനുസരണം യു.ജി.സിയുടെ നിർദ്ദേശം പുനപരിശോധിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| കാലിക്കറ്റ് | ഇല്ല | |
| കണ്ണൂർ | ഉണ്ട് | ഉത്തര കേരളത്തിന്റെ താരതമ്യേന പിന്നോക്ക പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാലയിൽ മികച്ച അക്കാദമിക യോഗ്യതയുള്ള |

| | | |
|---|---|---|
| | | മാർഗ്ഗദർശ്ശികൾ ചില വിഷയങ്ങളിൽ താരതമ്യേന കറവാണ്. |

Sally

**സെക്ഷൻ ഓഫീസർ**